# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2293 | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## സുവിധാ കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി യുടെ സങ്കീർണതകൾ ലഘൂകരിക്കുന്നതിന് സുവിധാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) യും (ബി) യും | ജി.എസ്.ടി-യെ സംബന്ധിച്ച പൊതുജനങ്ങളുടെയും വ്യാപാരികളുടെയും സംശയ നിവാരണത്തിനായി സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഓഫീസുകളിലും ഹെൽപ്പ്ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.എസ്.ടി ഹെൽപ്പ്ഡെസ്കുകളുടെ ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കുന്നില്ല. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് സുവിധാ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന സേവനങ്ങൾക്ക് ഫീസ് ഈടാക്കുമോ ; | | |
| (സി) | ചെറുകിട വ്യവസായ സ്ഥാപനങ്ങളും മറ്റ് വ്യാപാര സ്ഥാപനങ്ങളുമെല്ലാം ഭാവിയിൽ പ്രസ്തുത കേന്ദ്രങ്ങൾ മുഖേന റിട്ടേണുകൾ സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുമോ എന്നറിയിക്കാമോ? | (സി) | നിലവിൽ അങ്ങനെയുള്ള നിർദ്ദേശങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ